**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4532** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്-19നെ തുടർന്ന് പ്രതിസന്ധിയിലായ ദേവസ്വം ബോർഡുകളെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ്-19 നെ തുടർന്ന് സമ്പൂർണ്ണ അടച്ചിടലിന് ശേഷം കട്ടത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ക്ഷേത്രങ്ങൾ തുറക്കാൻ അനുവദിച്ചതിലൂടെ, സംസ്ഥാനത്തെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനത്തിൽ വലിയ കുറവ് ഉണ്ടാവുകയും, ഇതുമൂലം വിവിധ ദേവസ്വം ബോർഡുകൾ പ്രതിസന്ധിയിലാകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം പ്രതിസന്ധിയിലായ ദേവസ്വം ബോർഡുകളെ സഹായിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (ബി) | കോവിഡ് മൂലം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചത് കാരണം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ ദേവസ്വം ബോർഡുകൾക്ക് കോവിഡ് കാലയളവിൽ സർക്കാർ ആകെ 215.73 കോടി (ഇരുന്നൂറ്റിപതിനഞ്ച് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ) സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 131.6 കോടി കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 58.98 കോടി (നടപ്പ് വർഷം ആചാര സ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ധനസഹായം കുടിശ്ശിക നൽകുന്നതിന് 1.25 കോടി അനുവദിച്ചിട്ടുണ്ട്.) കൂടൽ മാണിക്യം ദേവസ്വം - 15 ലക്ഷം |

സെക്ഷൻ ഓഫീസർ